**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1721** **29-09-2025 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണത്തിനുള്ള ഓൺലൈൻ കർഷക രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | നെല്ലിന്റെ ഗുണനിലവാരം പരിശോധിച്ച ശേഷം സംഭരിക്കണമോ വേണ്ടയോ എന്ന് സപ്ലൈകോ തീരുമാനിക്കും എന്ന രീതിയിൽ നെല്ല് സംഭരണത്തിനുള്ള ഓൺലൈൻ കർഷക രജിസ്ട്രേഷൻ അപേക്ഷയിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | **ഉണ്ട്. നിലവിലുണ്ടായിരുന്ന നിബന്ധനകൾ കർഷകർക്ക് കൂടുതൽ ബോദ്ധ്യമാകുന്നതിനു വേണ്ടിയാണ് ഇത്തരം ഒരു സാക്ഷ്യപത്രം നെല്ല് സംഭരണത്തിനുള്ള ഓൺലൈൻ കർഷക രജിസ്ട്രേഷൻ അപേക്ഷയിൽ കൂട്ടി ചേർത്തത് എന്ന് സപ്ലൈകോ അറിയിച്ചിട്ടുണ്ട്.** |
| (ബി) | സംസ്ഥാനത്തെ കർഷകർക്ക് കൃഷിവകുപ്പ് മുഖേന വിതരണം ചെയ്യുന്ന വിത്തിനങ്ങൾ ഗുണനിലവാരം കുറഞ്ഞതായതിനാൽ ആണ് നെല്ലിന്റെ ഗുണനിലവാരം കുറയുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല. നെൽകൃഷി വികസന പദ്ധതിയുടെ ഘടകമായ ***രജിസ്റ്റേർഡ് വിത്തുൽപ്പാദന പരിപാടി*** പ്രകാരം കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയുടെ മേൽനോട്ടത്തിൽ, തെരഞ്ഞെടുത്ത, പരിശീലനം സിദ്ധിച്ച കർഷകർ, **സീഡ് ആക്ട് 1966** ലെ ചട്ടങ്ങൾക്കനുസൃതമായി ഉൽപ്പാദിപ്പിച്ച്, സർക്കാർ ലാബുകളിൽ പരിശോധിച്ച് ഗുണമേന്മ ഉറപ്പാക്കിയ "സർട്ടിഫൈഡ്" നെൽവിത്തുകളാണ് കൃഷി വകുപ്പ് കർഷകർക്ക് നൽകുന്നത്.<br><br>ഗുണമേന്മയുള്ള വിത്ത് കർഷകർക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നെൽകൃഷി വികസന പദ്ധതിയുടെ ഘടകമായ ***രജിസ്റ്റേർഡ് വിത്തുൽപ്പാദന പരിപാടി*** പ്രകാരം ***കേരള വിത്ത് വികസന അതോറിറ്റി*** മുഖാന്തരം തെരഞ്ഞെടുത്ത കർഷകർക്ക് പരിശീലനം നൽകി വിത്ത് ഉത്പ്പാദിപ്പിക്കുകയും, ഉത്പ്പാദിപ്പിക്കുന്ന വിത്തിന്റെ ഗുണമേന്മ സംസ്ഥാന സർക്കാരിന്റെ അധീനതയിൽ ആലപ്പുഴയിലും , തിരുവനന്തപുരത്തും ഉള്ള വിത്ത് പരിശോധന ലാബുകളിൽ ഗുണമേന്മ പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം, ഗുണമേന്മയുള്ള വിത്താണെന്നു സാക്ഷ്യപ്പെടുത്തിയ ***സർട്ടിഫൈഡ് വിത്താണ്*** കൃഷിഭവൻ വഴി സൗജന്യമായി കർഷകർക്ക് നൽകുന്നത്. സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ നിന്നും വിത്ത് ലഭിച്ചാലുടൻ കൃഷി |

| | | | |
|---|---|---|---|
| | | | ഓഫീസർമാർ വിത്തിന്റെ മുള ശേഷി പരിശോധിച്ച് ഗുണമേന്മ ഉറപ്പു വരുത്തിയ ശേഷമാണ് കർഷകർക്ക് വിതരണം ചെയ്യുന്നതും. ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ വിത്ത് വിതരണം ചെയ്ത ശേഷം ഗുണമേന്മ കുറവാണെന്നു ബോധ്യപ്പെട്ടാൽ ആയതു അഞ്ചു ദിവസത്തിനകം വിത്ത് വികസന അതോറിറ്റിയെ രേഖാമൂലം അറിയിക്കാവുന്നതും, സ്ഥലപരിശോധനയിൽ ആയതു ബോധ്യപ്പെട്ടാൽ പകരം വിത്ത് സൗജന്യമായി നൽകുന്നതുമാണ്.<br><br>2024-25 വർഷത്തെ രജിസ്റ്റേർഡ് വിത്തുൽപ്പാദന പരിപാടിയിലൂടെ 2025-26വർഷത്തെ വിരിപ്പ് കൃഷിക്കാവശ്യമായ 1450 ടൺ സർട്ടിഫൈഡ് നെൽവിത്ത് സംഭരിച്ചു വിതരണം ചെയ്തിട്ടുണ്ട്. അടുത്ത സീസണുകളിലേക്ക് ആവശ്യമായ സർട്ടിഫൈഡ് നെൽവിത്ത് നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |
| (സി) | എങ്കിൽ കൃഷിവകുപ്പിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയ്ക്ക് നെല്ല് സംഭരിക്കാതെ കർഷകരെ ദ്രോഹിക്കുന്ന നടപടി റദ്ദാക്കുമോ; കർഷകർക്ക് മികച്ച വിത്തിനങ്ങൾ വിതരണം ചെയ്യുന്നതിനു നടപടി സ്വീകരിക്കുമോ? | (സി) | ഇല്ല. നെൽകൃഷി വികസന പദ്ധതിയുടെ ഘടകമായ ***രജിസ്റ്റേർഡ് വിത്തുൽപ്പാദന പരിപാടി*** പ്രകാരം കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയുടെ മേൽനോട്ടത്തിൽ, തെരഞ്ഞെടുത്ത, പരിശീലനം സിദ്ധിച്ച കർഷകർ, **സീഡ് ആക്ട് 1966** ലെ ചട്ടങ്ങൾക്കനുസൃതമായി ഉൽപ്പാദിപ്പിച്ച്, സർക്കാർ ലാബുകളിൽ പരിശോധിച്ച് ഗുണമേന്മ ഉറപ്പാക്കിയ "സർട്ടിഫൈഡ്" നെൽവിത്തുകളാണ് കൃഷി വകുപ്പ് കർഷകർക്ക് നൽകുന്നത്.<br><br>ഗുണമേന്മയുള്ള വിത്ത് കർഷകർക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നെൽകൃഷി വികസന പദ്ധതിയുടെ ഘടകമായ ***രജിസ്റ്റേർഡ് വിത്തുൽപ്പാദന പരിപാടി*** പ്രകാരം ***കേരള വിത്ത് വികസന അതോറിറ്റി*** മുഖാന്തരം തെരഞ്ഞെടുത്ത കർഷകർക്ക് പരിശീലനം നൽകി വിത്ത് ഉത്പ്പാദിപ്പിക്കുകയും, ഉത്പ്പാദിപ്പിക്കുന്ന വിത്തിന്റെ ഗുണമേന്മ സംസ്ഥാന സർക്കാരിന്റെ അധീനതയിൽ ആലപ്പുഴയിലും , തിരുവനന്തപുരത്തും ഉള്ള വിത്ത് പരിശോധന ലാബുകളിൽ ഗുണമേന്മ പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം, ഗുണമേന്മയുള്ള വിത്താണെന്നു സാക്ഷ്യപ്പെടുത്തിയ ***സർട്ടിഫൈഡ് വിത്താണ്*** കൃഷിഭവൻ വഴി സൗജന്യമായി കർഷകർക്ക് നൽകുന്നത്. സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ നിന്നും വിത്ത് ലഭിച്ചാലുടൻ കൃഷി ഓഫീസർമാർ വിത്തിന്റെ മുള ശേഷി പരിശോധിച്ച് ഗുണമേന്മ ഉറപ്പു വരുത്തിയ ശേഷമാണ് കർഷകർക്ക് വിതരണം ചെയ്യുന്നതും. ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ വിത്ത് വിതരണം ചെയ്ത ശേഷം |

| | | | |
|---|---|---|---|
| | | | ഗുണമേന്മ കുറവാണെന്നു ബോധ്യപ്പെട്ടാൽ ആയതു അഞ്ചു ദിവസത്തിനകം വിത്ത് വികസന അതോറിറ്റിയെ രേഖാമൂലം അറിയിക്കാവുന്നതും, സ്ഥലപരിശോധനയിൽ ആയതു ബോധ്യപ്പെട്ടാൽ പകരം വിത്ത് സൗജന്യമായി നൽകുന്നതുമാണ്.<br><br>2024-25 വർഷത്തെ രജിസ്റ്റേർഡ് വിത്തുൽപ്പാദന പരിപാടിയിലൂടെ 2025-26വർഷത്തെ വിരിപ്പ് കൃഷിക്കാവശ്യമായ 1450 ടൺ സർട്ടിഫൈഡ് നെൽവിത്ത് സംഭരിച്ച് വിതരണം ചെയ്തിട്ടുണ്ട്. അടുത്ത സീസണുകളിലേക്ക് ആവശ്യമായ സർട്ടിഫൈഡ് നെൽവിത്ത് നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ